**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **17-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക ആവശ്യത്തിന് വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യത്തിന് വൈദ്യുതി നൽകുന്ന കാര്യത്തിൽ എന്തെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യ ങ്ങൾക്കുള്ള വൈദ്യുതി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V (A) കാർഷിക താരിഫിലാണ് നൽകി വരുന്നത്. താഴെ പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. 1. 2012-13 സാമ്പത്തിക വർഷം മുതൽ, സംസ്ഥാനത്തെ കർഷകർ, കമ്മീഷൻ നിശ്ചയിച്ചു വരുന്ന എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്. 2. സംസ്ഥാന ഗവൺമെന്റ്, നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണമായും സൗജന്യമായി നൽകി വരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും. 3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരി ധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 പൈസ നിരക്കിലാണ് നൽകി വരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസസിൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average Cost of Supply) 6.50 രൂപയെക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകി വരുന്നത്. |
| (ബി) | കാർഷിക ആവശ്യത്തിന് നൽകുന്ന വൈദ്യുതി മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ | (ബി) | പ്രിമൈസസിൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average Cost of Supply) 6.50 |

| | | | |
|---|---|---|---|
| | നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | | രൂപയെക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകി വരുന്നത്. സൗജന്യ വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ സ്ഥലപരിശോധന നടത്തുന്നുണ്ട്. ഇത് കൂടാതെ 22/09/2021 ലെ സർക്കാർ ഉത്തരവ് (കൈ) നം.82/2021/കൃഷി പ്രകാരം വൈദ്യുതിയോ സർക്കാർ ഫണ്ടോ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടാൽ തുക സർക്കാർ ഫണ്ട് ഉപയോഗിച്ച് ഒടുക്കാൻ പാടില്ലാത്തതുമാണ് എന്നും ഫണ്ടും വൈദ്യുതിയും ദുരുപയോഗം ചെയ്യുന്ന വ്യക്തികളുടെ/ഗ്രൂപ്പുകളുടെ/ സമിതിയുടെ പട്ടിക കെ.എസ്.ഇ.ബി തയ്യാറാക്കി ആറുമാസ ത്തിലൊരിക്കൽ ഉന്നതതല സമിതിയുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്. |
| (സി) | ഓരോ കണക്ഷനുമുള്ള വൈദ്യുതിയുടെ ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (സി) | ഓരോ കണക്ഷനിലുമുള്ള വൈദ്യുതി ഉപഭോഗത്തിനു പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | കുടിശ്ശികയുടെ പേരിൽ കാർഷിക ആവശ്യത്തിന് നൽകി വരുന്ന വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന കാര്യത്തിൽ ഉദാര സമീപനം സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കൃഷി വകുപ്പിൽ നിന്ന് ഏതെങ്കിലും കാരണവശാൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ കെ.എസ്.ഇ.ബി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി കണക്ഷനുകൾ ഒരു കാരണവശാലും വിച്ഛേദിക്കാനോ ഇക്കാരണത്താൽ ഉണ്ടാകുന്ന സർചാർജ്/പിഴപ്പലിശ ഈടാക്കാനോ പാടുള്ള തല്ല എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ